**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3600** **12-03-2025 - ൽ മറുപടിയ്ക്ക്**

**കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോളേജുകളിൽ ഇൻഡസ്ട്രിയൽ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | യുവാക്കൾക്കിടയിലെ നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കാനും നൈപുണ്യ പരിശീലനം നൽകാനും ഉതകുന്ന രീതിയിൽ ക്യാംപസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതു വഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗ്ഗരേഖ വ്യവസായ വകുപ്പ് സ.ഉ(കൈ) നമ്പർ.16/2024/ID തീയതി 29/02/2024 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കൂത്തുപറമ്പ് വലിയവെളിച്ചത്ത് മതിയായ സൗകര്യങ്ങളോടെ പ്രവർത്തിച്ചു വരുന്ന കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്കീം പ്രകാരം കോളേജിന്റെ ആവശ്യകത കഴിഞ്ഞു കുറഞ്ഞത് അഞ്ചു ഏക്കറെങ്കിലും സ്ഥല ലഭ്യത ഉണ്ടെങ്കിൽ മാത്രമെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കൂത്തുപറമ്പ് അപ്ലൈഡ് സയൻസ് കോളേജിന് നിലവിൽ ആകെ അഞ്ചേക്കർ ഭൂമി മാത്രമാണ് അനുവദിച്ചിരിക്കുന്നത്. കോളേജിന് കൂടുതൽ സ്ഥലം അനുവദിക്കുന്ന മുറക്ക് കൂത്തുപറമ്പ് അപ്ലൈഡ് സയൻസ് കോളേജിലും ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളജിൽ ന്യൂജനറേഷൻ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | കുത്തുപറമ്പ് കോളേജിൽ ന്യൂ ജനറേഷൻ കോഴ്സുകളായ BA Journalism with specialization in visual media, B.Sc Statistics with Data Analysis കോഴ്സുകൾ 2023-24 മുതൽ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ